(ബി) മെഡിക്കൽകോളേജിൽനിന്നും ലഭിക്കുന്ന ഡോക്ടർമാരുടെ കണക്കനുസരിച്ചു എത്ര കൊല്ലം കൊണ്ടു് ഇവിടെ ആവശ്യമുള്ള ഡോക്ടർമാരെ കിട്ടും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഇല്ല.

(ബി) അഞ്ചുകൊല്ലം കൊണ്ടു് ആവശ്യമുള്ള ഡോക്ടർമാരെ കിട്ടുമെന്നാണു കണക്കാക്കിയിരിക്കുന്നതു്.

മലമ്പനി.

* 979. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഏതെല്ലാം പ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്;

(ബി) മലമ്പനി നിരോധനത്തിനു് ഏതെല്ലാം ഔഷധങ്ങൾ വിതരണം ചെയ്യുന്നുണ്ടു്;

(സി) മലമ്പനിശല്യം പരിപൂർണ്ണമായി നിയന്ത്രിക്കുന്നതിനു എന്തെല്ലാം പദ്ധതികൾ ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റു് താഴെ കൊടുക്കുന്നു.

തോവാള, കൽക്കുളം, വിളവങ്കോടു്, നെയ്യാറ്റിൻകര, നെടുങ്ങാടു്, പത്മനാഭപുരം, ചെങ്കോട്ട, പത്തനംതിട്ട, ചങ്ങനാശ്ശേരി, മീനച്ചൽ, മൂവാറ്റുപുഴ, തൊടുപുഴ, ദേവികുളം, പീരുമേടു്, കുന്നത്തുനാടു്, കുന്ദപുരം, തലപ്പിള്ളി, തൃശ്ശൂർ, ചിറ്റൂർ എന്നീ താലൂക്കുകളിലെ മലവാരപ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്.

(ബി) ക്ലോറോക്വിൻ, പ്രൈമാക്വിൻ, നിവാക്വിൻ, ക്വിനോസോമിൻ, ക്വിനാക്രിൻ, മൈപ്രാക്രിൻ, കൊയിനാ എന്നീ ഔഷധങ്ങൾ.

(സി) മലമ്പനിബാധിതപ്രദേശങ്ങളിലുള്ള വീടുകളിൽ ഡി. ഡി. റ്റി. തളിക്കുക, രോഗികൾക്കു സൌജന്യമായി മരുന്നുകൾ വിതരണം ചെയ്യുക ഈ പദ്ധതികളാണു് സ്വീകരിച്ചിട്ടുള്ളതു്.

കാളനൈസേഷൻ.

* 980. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തിൽ എതെങ്കിലും കാളനി പുതുതായി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിലെ അഴീക്കൽ കാളനിയ്ക്കു ഭൂമി നൽകിയ കുടുംബങ്ങൾക്കു് ഗവണ്മെന്റു് എന്തെല്ലാം സഹായങ്ങൾ ഇതിനകം നൽകിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു കോളനിയും, ഈ വർഷത്തിൽ പുതുതായി ആരംഭിച്ചിട്ടില്ല.

(ബി) യാതൊരു സഹായവും നൽകിയിട്ടില്ല.

മരച്ചീനി സഹകരണ സംഘങ്ങൾ.

* 981. [6] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മരച്ചീനി ക്രയവിക്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പഠനം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ആസൂത്രണം ചെയ്തു വരുന്നതേയുള്ളൂ.

മ്യൂസിയത്തിലെ പ്രദർശനസാധനങ്ങൾ.

* 982. [7] ശ്രീ. വി. ശ്രീധരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തുള്ള മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള ഏർപ്പാടുകൾ തികച്ചും അപര്യാപ്തമല്ലേ ;

(ബി) 1952-ൽ തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വിലയേറിയ ചില സാധനങ്ങൾ മോഷണം പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അല്ല.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) മോഷ്ടാക്കളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല.

കരുമുളക്, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്ന താലൂക്കുകൾ.

* 983. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരുമുളക്, ഇഞ്ചി എന്നിവ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന താലൂക്കുകൾ ഏവ ;

(ബി) അവയിൽനിന്ന് എത്ര ടൺ കരുമുളകും, ചുക്കും കയറ്റി അയയ്ക്കുന്നുണ്ട് ; ഇതിൽ നിന്നും സംസ്ഥാനത്തിന് എത്ര വരുമാനം ഉണ്ടാകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly